വൈ(1)/29710/2019/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 24/09/2019.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ശാസ്ത്രോത്സവം - 2019-20- രജിസ്ട്രേഷൻ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:-

****

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം - 2019-20 ഉപജില്ലാ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ സൗകര്യം www.schoolsasthrolsavam.in എന്ന Website ൽ 24.09.19 മുതൽ ലഭ്യമാണ്. രജിസ്ട്രേഷൻ നടത്തേണ്ടത് സ്കൂളിൽ നിന്നാണ്. പരിഷ്കരിച്ച ശാസ്ത്രോത്സവ മാന്വൽ അനുസരിച്ച് മാത്രമേ രജിസ്ട്രേഷൻ ചെയ്യുവാൻ പാടുള്ളൂ. സ്കൂളുകൾക്ക് സമ്പൂർണ്ണ Username ഉം password ഉം ഉപയോഗിച്ച് login ചെയ്യാവുന്നതാണ്. ഹയർസെക്കന്ററി സ്കൂളുകൾ ഹൈസ്കൂൾ login മുഖേനയാണ് Registration നടത്തേണ്ടത്. എൽ.പി, യു.പി, ഹൈസ്കൂൾ കുട്ടികളുടെ Admission Number നൽകിയാൽ വിവരങ്ങൾ സമ്പൂർണ്ണയിൽ നിന്നും ലഭ്യമാകുന്നതാണ്. തിരുത്തലുകൾ ആവശ്യമെങ്കിൽ സമ്പൂർണ്ണയിൽ വരുത്തിയതിന് ശേഷം രജിസ്ട്രർ ചെയ്യുന്നതാണ് ഉചിതം. ഉപജില്ല മത്സരങ്ങൾ ആരംഭിക്കുന്നതിന് 4 ദിവസം മുമ്പേ സ്കൂൾ രജിസ്ട്രേഷനുകൾ പൂർത്തീകരിക്കേണ്ടതാണ്.

### വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുള്ള നിർദ്ദേശങ്ങൾ

വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള Username ഉം password ഉം ഉപയോഗിച്ച് www.schoolsasthrolsavam.in എന്ന Website login ചെയ്തതിനു ശേഷം password change ചെയ്യേണ്ടതാണ്. ഡാഷ്ബോർഡിൽ ലഭ്യമാകുന്ന മെനുവിൽ നിന്നും User എന്ന മെനുവിൽ നിന്നും view users എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് ലഭിക്കുന്ന സബ്ജില്ലകളുടെ User Id യും password ഉം ബന്ധപ്പെട്ട സബ്ജില്ലകൾക്ക് നൽകേണ്ടതാണ്.

Registration എന്ന മെനുവിലെ Consolidation എന്ന മെനു വഴി രജിസ്ട്രേഷന്റെ പുരോഗതി മനസ്സിലാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## <u>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ</u>

സ്കൂൾ തലത്തിൽ നിന്നും സമ്പൂർണ്ണ Username ഉം password ഉം ഉപയോഗിച്ചാണ് ഹയർസെക്കന്ററി തലംവരെ രജിസ്ട്രേഷൻ നടത്തിക്കേണ്ടത്. ഉപജില്ലയുടെ login Id യും password ഉം വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും കൈപ്പറ്റേണ്ടതാണ്. login ചെയ്ത് password change ചെയ്തതിനു ശേഷം ഡാഷ്ബോർഡ് ലഭ്യമാകുന്നതാണ്. ഡാഷ്ബോർഡിൽ ലഭ്യമാകുന്ന Registration മെനുവിൽ നിന്നും Data entry യുടെ പുരോഗതി മനസ്സിലാക്കാവുന്നതാണ്. സബ്ജില്ല മേളകൾ ആരംഭിക്കുന്നതിന് 4 ദിവസം മുമ്പേ എല്ലാ സ്കൂളുകളും Registration നടത്തി confirm ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടുന്നതാണ്. നിർദ്ദിഷ്ട ദിവസങ്ങൾക്ക് ശേഷം വരുന്ന entry കൾ സ്വീകരിക്കേണ്ടുന്നതില്ല.

സന്തോഷ്.സി.എ

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

എ.എൻ